## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 522 — 11.12.2012ലെ മറുപടിയ്ക്ക്

### സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപ സുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, വർക്കല കഹാർ<br>,, ആർ.സെൽവരാജ്<br>,, ലൂഡി ലൂയിസ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപ സുരക്ഷാ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി നിക്ഷേപ സുരക്ഷാ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച നിക്ഷേപ സുരക്ഷാ സ്കീം-2012 ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കേരള നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുക എന്നതും, നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുക എന്നതും അതിലൂടെ സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക എന്നതുമാണ് നിക്ഷേപ സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | നിക്ഷേപകർക്ക് എന്തെല്ലാം നിക്ഷേപ സുരക്ഷയാണ് ഈ പദ്ധതി വഴി ലഭിക്കുന്നത്; | (സി) | ഏതെങ്കിലും കാരണത്താൽ വായ്പ സഹകരണ സംഘത്തിൽ നിന്നും നിക്ഷേപകന് നിക്ഷേപ തുക തിരികെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിക്ഷേപകന് നൽകുന്നതാണ്. |
| (ഡി) | ഏതെല്ലാം തരം സഹകരണ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്; | (ഡി) | സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവ ഒഴികെയുള്ള (BR ആക്റ്റ് ബാധകം) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നീ വായ്പ സഹകരണ സംഘങ്ങൾക്കാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഇ) | മാരക രോഗം മൂലം കഷ്ടപ്പെടുന്ന കുടുംബത്തെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | നിക്ഷേപ സുരക്ഷാ പദ്ധതിയുടെ പരിധിയിൽ മാരകരോഗം മൂലം കഷ്ടപ്പെടുന്ന കുടുംബത്തെ ഉൾപ്പെടുത്താൻ കഴിയില്ല. ആയതിന് പ്രത്യേക പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ